പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1713 15.02.2016 - ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് ആശ്വാസകിരണം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത്; | (ബി) | ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള അവസ്ഥയിൽ കിടപ്പിലായ രോഗികളെയും തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ഗുരുതരരോഗങ്ങളുള്ളവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുക എന്ന ലക്ഷ്യം ഇതുവഴി കൈവരിക്കാൻ കഴിയുന്നു. |
| (സി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ആശ്വാസകിരണം പദ്ധതി നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് അവലോകനവും ഇത് സംബന്ധിച്ച ചർച്ചയും നടത്താറുണ്ട്. ആശ്വാസകിരണം പദ്ധതി അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങളിൽ ഈ പദ്ധതിയെപ്പറ്റി ചർച്ച ചെയ്യാറുണ്ട്. |

Manoharan

**സെക്ഷൻ ഓഫീസർ**